ങ്ങൾ ഈ ഏജന്റുമാർ അനുഭവിക്കുകയാണ്. അവർക്ക് സമയത്ത് കമ്മിഷൻ കിട്ടാറില്ല. അലവൻസ് കിട്ടാറില്ല. എന്നാൽ ഈ വിഭാഗത്തിന് ഏറെ പ്രതീക്ഷ ഉണർത്തിയിരുന്ന ഒരു പ്രഖ്യാപനം കേരളാ ഗവൺമെന്റ് 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തുകയുണ്ടായി. ഇവരുടെ പെൻഷൻ പദ്ധതി ഉടൻ പ്രാവർത്തികമാക്കും എന്ന പ്രഖ്യാപനമായിരുന്നു അത്. എന്നാൽ 1999-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അതു സംബന്ധിച്ച പരാമർശം ഒന്നും ഉണ്ടായില്ല. അതേയവസരത്തിൽ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കിയിട്ടുമില്ല. പെൻഷൻ പ്രഖ്യാപനം ഉണ്ടായ അവസരത്തിൽ ഏറെ സന്തോഷിച്ച മഹിളാ പ്രധാൻ ഏജന്റുമാർ, ഈ സഹോദരിമാർ, ഇന്ന് ഏറെ ആശങ്കയിലാണ്. ഈ ആശങ്ക ദൂരീകരിച്ചുകൊണ്ട് അടിയന്തിരമായി ഇവരുടെ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഇതു സംബന്ധിച്ച ഓരോ നോട്ടീസ് ശ്രീമതി കെ.കെ. ശൈലജ ടീച്ചറും ശ്രീമതി ഗിരിജാ സുരേന്ദ്രനും നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽതന്നെ ഞാൻ പ്രഖ്യാപിച്ചതാണ്. അവരുടെ ഒഫീഷ്യൽ സമ്മേളനത്തിൽ അത് ഉപയോഗത്തിൽ വരുത്തണമെന്നകാര്യം ഞാൻ ഉറപ്പു പറഞ്ഞതാണ്. ഗവൺമെന്റ് അന്നു പറഞ്ഞ, അന്നു തീരുമാനിച്ച, ആ ഉറപ്പിൽ തന്നെ നിൽക്കുന്നു. ഇപ്പോൾ പുതിയ പ്രഖ്യാപനങ്ങൾ, ഒന്നും നടത്താൻ പാടില്ല എന്ന ഇലക്ഷൻ ഗൈഡ്ലൈൻ ഉള്ളതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞ് അവരുടെ സമ്മേളനത്തിലും ഉറപ്പുനൽകിയിട്ടുണ്ട്. കൊടുത്ത ഉറപ്പുകൾ പൂർണ്ണമായി പാലിക്കുന്ന ഗവൺമെന്റാണിത്. ആ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യം നടപ്പിലാക്കും.

മി.സ്പീക്കർ : ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞകാര്യം പറയുന്നതിന് ഗൈഡ്ലൈൻ ഒന്നും കുഴപ്പമില്ല.

(3) വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, പെരുമവഴി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ അറ്റകുറ്റപ്പണികൾ

ശ്രീ. പി. നാരായണൻ : സർ, വികസനരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന വൈക്കം നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ പണി അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. പ്രധാന ഭാഗം തലയാഴം, വെച്ചൂർ, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, പെരുമ വഴി കടന്നുപോകുന്ന ഈ ഹൈവേയുടെ പണിയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അത് അടിയന്തിരമായി നടപ്പാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

[10 am] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വെച്ചൂർ, തലയാഴം, വൈക്കം മുനിസിപ്പാലിറ്റി, വല്ലയം, വടയാർ, തലയോലപ്പറമ്പ്, പെരുമ തുടങ്ങിയ മേഖലകളിൽക്കൂടിയാണ് ഈ സ്റ്റേറ്റ് ഹൈവേ കടന്നുപോകുന്നത്. തണ്ണീർമുക്കം ബണ്ട് മുതലുള്ള ഭാഗത്ത് ചില വർക്കുകൾ അറേഞ്ച് ചെയ്തതാണ്. കുറെയെല്ലാം പാച്ചു വർക്ക് നടത്തി. വൈക്കം-വെച്ചൂർ റോഡിന് പണി ആവശ്യമായിട്ട് വന്നില്ല. ഏറ്റുമാനൂർ-എറണാകുളം റോഡ് 2.8 മീറ്റർ ദൂരം ഉപരിതലം പുതുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു പ്രാവശ്യം ടെണ്ടർ വിളിച്ചു. കരാറുകാരെ ലഭിക്കാത്തതുകൊണ്ട് കമ്മീഷൻ ക്ഷണിച്ചിട്ടുണ്ട്. 6.8 കിലോമീറ്റർ അത്യാവശ്യപ്പണികൾ നടത്തി, ബാക്കിയുള്ള ഭാഗത്ത് പണികൾ ഇപ്പോൾ അറേഞ്ച് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ അത്യാവശ്യം അറ്റകുറ്റപ്പണികൾക്കുള്ള ഏർപ്പാട് ചെയ്യുന്നതാണ്. ടെൻഡർ വിളിച്ചിട്ട് വർക്ക് എടുക്കാത്ത ഭാഗത്ത് കമ്മീഷൻ വിളിച്ചു. തണ്ണീർമുക്കം സ്റ്റേറ്റ് ഹൈവേ ഇതിന്റെ ഭാഗമാണ്. അവിടെയും അത്യാവശ്യ പണികൾക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(4) പട്ടാമ്പി-പെരിന്തൽമണ്ണ റോഡിലെ പുലാമന്തോൾ പാലം നേരിടുന്ന അപകടഭീഷണി

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, പട്ടാമ്പി-പെരിന്തൽമണ്ണ റോഡിൽ ഏറ്റവും സുപ്രധാനമാണ് പുലാമന്തോൾപാലം. പത്തറുപത് വർഷം പഴക്കമുള്ള പാലമാണ്. അത് തകരാറായി അപകടകരമായ സ്ഥിതിവിശേഷം നേരിടുകയാണ്. റവന്യൂ മിനിസ്റ്റർ ശ്രീ. കെ.ഇ. ഇസ്മയിലിന്റെ മണ്ഡലത്തിലുള്ള പാലമാണ്. പാലക്കാട് നിയോജകമണ്ഡലത്തിൽ വരുന്നതാണ്. മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പാലമാണ്. ബഹു. റവന്യൂ മിനിസ്റ്റർക്ക് ഉന്നയിക്കുവാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഉന്നയിച്ചത്. ഇത് ഒരു പ്രധാനപ്പെട്ട പാലമാണ്. പാലത്തിന്റെ അപകടകരമായ സ്ഥിതിവിശേഷം മാറ്റാൻ അടിയന്തിരമായ നടപടി ഉണ്ടാകണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ഇത് പ്രാധാന്യമുള്ള പാലമാണ്. പാലത്തിന്റെ കമ്പികൾ തുരുമ്പ് പിടിച്ച് ദ്രവിച്ചുപോയതിന്റെ പശ്ചാത്തലത്തിൽ പുതുക്കിപ്പണിയേണ്ടതായിട്ടുണ്ട്. ഏകദേശം 400 ലക്ഷം രൂപ എസ്റ്റിമേറ്റ് വരും. ലാന്റ് അക്വിസിഷനൊക്കെ നടത്തിക്കഴിഞ്ഞു. ഇതിന് പ്രത്യേക അനുമതി നല്കിക്കഴിഞ്ഞിട്ടുണ്ട്. കാലതാമസമില്ലാതെ ഈ വർക്ക് ആരംഭിക്കുന്നതാണ്.

(5) കുന്നംകുളം നിയോജകമണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ പുനഃസംഘടിപ്പിക്കേണ്ടതു സംബന്ധിച്ച്

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, കുന്നംകുളം നിയോജകമണ്ഡലത്തിൽ തലപ്പള്ളി താലൂക്കിലും തൃശ്ശൂർ താലൂക്കിലുമായി 28 വില്ലേജുകളുണ്ട്. 28 വില്ലേജുകൾ 12 ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. എട്ടും പത്തും കിലോമീറ്റർ യാത്രചെയ്തിട്ടുവേണം പൊതുജനങ്ങൾക്ക് അവിടെ എത്തിച്ചേരാൻ. എന്റെ മണ്ഡലത്തിൽ ആർത്താട്ട് പഞ്ചായത്തിൽ രണ്ടു വില്ലേജുകളുണ്ട്. ആ പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസുപോലുമില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനവേളയിൽ വില്ലേജ് ഓഫീസുകളുടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനം അവസാനിപ്പിക്കുമെന്ന് റവന്യൂ വകുപ്പു മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. കുന്നംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട 28 വില്ലേജുകൾക്കും ഒറ്റയൊറ്റ കെട്ടിടങ്ങളിലായിട്ടുള്ള ഓഫീസുകൾ പണിയാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. ആവശ്യമായ സ്ഥലം സൗജന്യമായി നല്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ സന്നദ്ധമായി മുന്നോട്ടുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധപതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly